**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1368** **07-02-2023 - ൽ മറുപടിയ്ക്ക്**

**സ്ഥാനക്കയറ്റം ലഭിച്ച പ്രധാനാദ്ധ്യാപകരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2021 മുതൽ സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രധാനാദ്ധ്യാപകരായി സ്ഥാനക്കയറ്റം ലഭിച്ച് ചുമതല നിർവഹിച്ച് വരുന്നവർക്ക് പുതിയ തസ്തികയിലെ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് നിലനിൽക്കുന്നു. പ്രഥമ അദ്ധ്യാപക പ്രമോഷൻ നൽകുന്നതിനെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ, ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് താത്ക്കാലിക പ്രൊമോഷൻ നൽകുന്നതിനുവേണ്ടി സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 27.11.2022-ലെ ജെ1/01/2021/പൊ.വി.വ. എന്ന സർക്കുലർ പ്രകാരം എയ്ഡഡ് മേഖലയിൽ മേൽപ്പറഞ്ഞ രീതിയിൽ സ്ഥാനക്കയറ്റം ലഭിച്ച പ്രധാനാദ്ധ്യാപകർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകി തുടങ്ങിയെങ്കിലും സർക്കാർ മേഖലയിലെ പ്രധാനാദ്ധ്യാപകർക്ക് അത് ലഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ? | (ബി) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് നിലനിൽക്കുന്നു. പ്രഥമ അദ്ധ്യാപക പ്രമോഷൻ നൽകുന്നതിനെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ, ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് താത്ക്കാലിക പ്രൊമോഷൻ നൽകുന്നതിനുവേണ്ടി സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ |

| | | | |
|---|---|---|---|
| | | | ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ